നമ്പർ.എ5/1500/19/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,തിരുവനന്തപുരം,
തീയതി : 14/5/2019

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - റവന്യൂ ജില്ലാതല സ്ഥലംമാറ്റം - 2019-20- - താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) ഈ ഓഫീസിലെ 15/2/19 ലെ സർക്കുലർ നം.എ5/1500/19/ഡി.പി.ഐ
2) ഈ ഓഫീസിലെ 12/3/19 ലെ ഇതേ നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2019-20 അധ്യയന വർഷത്തെ ജില്ലാതല സ്ഥലംമാറ്റ ഉത്തരവ് പ്രകാരം പ്രൈമറി പ്രഥമാധ്യാപകരുടെ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ട *തീയതി:20/4/19* നായിരുന്നു. തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ ആയതു പ്രസിദ്ധീകരിച്ചിട്ടില്ല. അതിനാൽ പ്രൈമറി പ്രഥമാധ്യാപകരുടെ സ്ഥലംമാറ്റ ഉത്തരവ് അടിയന്തിരമായി പ്രസിദ്ധീകരിക്കേണ്ടതാണ്. ഇതോടൊപ്പം ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകരുടെ പ്രൊവിഷണൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച് ആയതിലേക്കുളള ആക്ഷേപം സ്വീകരിക്കുവാനുളള നടപടികളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഒപ്പം പെരുമാറ്റച്ചട്ടത്തിന്റെ സമയപരിധി കഴിഞ്ഞാലുടൻ പ്രൈമറി വിഭാഗം പ്രഥമാധ്യാപകരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവും പ്രസിദ്ധീകരിക്കേണ്ടതും അധ്യാപകരുടെ സ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുന്നതിനുളള ക്രമീകരണങ്ങൾ തുടങ്ങുവാനും എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകുന്നു.

*(പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)*

വിശ്വസ്തതയോടെ

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ(ഇൻ- ചാർജ്ജ്)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

എ.ആർ.